"ഭരണ ഭാഷ-മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ചെങ്ങളായി ഗ്രാമപഞ്ചായത്ത് - ലോക്കൽഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - 2000-01 - ഖണ്ഡിക 8 പ്രകാരം തടസ്സപ്പെടുത്തിയ 43,253/- രൂപയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

ജി.ഒ (ആർ.ടി) നം. 32/13 /തസ്വഭവ. തിരുവനന്തപുരം, തീയതി: 04/01/2013

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 15/05/2012-ലെ എം4-12118/12 നമ്പർ കത്ത്.
2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 29/09/2012-ലെ LF/P.T3/15287/2012 നമ്പർ കത്ത്.

## ഉത്തരവ്

കണ്ണൂർ ജില്ലയിലെ ചെങ്ങളായി ഗ്രാമപഞ്ചായത്തിന്റെ 2000-01 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 8 പ്രകാരം അപ്രന്റീസ് എഞ്ചിനീയറുടെ സേവനം ലഭ്യമായിരിക്കെ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, മേൽനോട്ടം എന്നീ സേവനങ്ങൾക്കായി അസിസ്റ്റന്റ് എഞ്ചിനീയറായിരുന്ന ശ്രീ. എ.എം. ഗോപിനാഥന് 43,253/- രൂപ ഫീസ് ഇനത്തിൽ നൽകിയത് തടസ്സപ്പെടുത്തിയിരുന്നു. പ്രസ്തുത ചെലവ് സാധൂകരിക്കുന്നതിനായി പരാമർശം 1 പ്രകാരം പഞ്ചായത്ത് ഡയറക്ടർ അപേക്ഷ സമർപ്പിച്ചിരിക്കുന്നു. 2000-01 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറായിരുന്ന ശ്രീ. എ.എം. ഗോപിനാഥൻ എന്നയാൾക്ക് 43,253/- രൂപ നൽകിയിരുന്നത് തിരികെ അടയ്ക്കുന്നതിന് നോട്ടീസ് നൽകിയിരുന്നെങ്കിലും ടിയാൻ മരണപ്പെട്ടതിനാൽ നോട്ടീസ് മടക്കിയതായും പ്രസ്തുത തുക നൽകിയ ശ്രീ. വി.കെ. രാഘവൻ സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളതിനാൽ തന്നെ നടപടികളിൽ നിന്നും ഒഴിവാക്കണമെന്ന് അപേക്ഷ സമർപ്പിച്ചിരിക്കുകയാണെന്നും ആയതിനാൽ തുക വസൂലാക്കാൻ നിർവ്വാഹമില്ലാത്ത സാഹചര്യത്തിൽ സർക്കാർ സാധൂകരണം ലഭ്യമാക്കണമെന്നുമുള്ള ഗ്രാമപഞ്ചായത്തിന്റെ അപേക്ഷയും ഭരണസമിതി തീരുമാനവും അനുബന്ധ രേഖകളും സമർപ്പിച്ചിട്ടുണ്ട്.

പരാമർശം 1 പ്രകാരം ലഭ്യമാക്കിയ പഞ്ചായത്ത് ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലും 99-2000 വർഷത്തിൽ സ്പിൽ ഓവർ ഉൾപ്പെടെയുള്ള പ്രവൃത്തികളുടെ എണ്ണം കൂടുതലായതിനാലാണ് അസിസ്റ്റന്റ് എഞ്ചിനീയറുടെ സേവനം ഉപയോഗപ്പെടുത്തേണ്ടി വന്നതെന്ന പഞ്ചായത്തിന്റെ വിശദീകരണത്തിന്റെയും കാലപ്പഴക്കത്തിന്റെയും അടിസ്ഥാനത്തിലും ഖണ്ഡിക 8-ലെ തടസ്സത്തിന് സാധൂകരണം നൽകി ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ചെങ്ങളായി ഗ്രാമപഞ്ചായത്തിന്റെ 2000-01 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 8 പ്രകാരം തടസ്സപ്പെടുത്തിയ 43,253/- രൂപയുടെ (നാല്പത്തി മൂവായിരത്തി ഇരുനൂറ്റി അമ്പത്തി മൂന്ന് രൂപ മാത്രം) ചെലവ് സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പി. ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി,

പഞ്ചായത്ത് ഡയറക്ടർ. തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയക്ടർ, കണ്ണൂർ
സെക്രട്ടറി, ചെങ്ങളായി ഗ്രാമപഞ്ചായത്ത്,
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്രട്ടറിയ്ക്കു വേണ്ടി